ഗ്രാമ ന്യായാലയം, അമ്പലപ്പുഴ

ഹാജർ:- മിസ്സ്. അനു ടി തോമസ് , ന്യായാധികാരി

2023-മാണ്ട് ഫെബ്രുവരി മാസം 13-ാം തീയതി

**M.C. 07/2019 ലെ C.M.P. 512/2022**

ഹർജിക്കാരി : വിനീത, 33 വയസ്സ്, D/o മോഹനൻ, പാലഞ്ചേരിയിൽ വീട്
കാൽവരി മൌണ്ട്, ഇടുക്കി
(പ്രതിനിധീകരിക്കുന്നത്- അഡ്വ. ഡി.ജയേഷ്)

എതൃകക്ഷി : ബിജു.റ്റി, 45 വയസ്സ്, S/o.തങ്കപ്പൻ, ആര്യാട് പറമ്പ് വീട്,
പറവൂർ, അമ്പലപ്പുഴ, ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത്- അഡ്വ. ധന്യ ബാബു)

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം ( ചുരുക്കത്തിൽ 'ഗാർഹിക പീഡന നിയമം') 23(1)വകുപ്പ് പ്രകാരം ഉള്ള ഹർജി വാദം കേട്ടതിൽ, ഈ കോടതി 13.02.2023 ൽ പുറപ്പെട്ടുവിക്കുന്ന

**ഉത്തരവ്**

1. മേൽ ഹർജി 2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 23(1) ആം വകുപ്പ് പ്രകാരം ബോധിപ്പിച്ചിട്ടുള്ളതാണ്.

2 . ഹർജി സംഗതികൾ ചുരുക്കത്തിൽ താഴെ പറയുന്ന വിധമാണ്.

ഹർജിക്കാരിയും എതൃകക്ഷിയും ഭാര്യാഭർത്താക്കന്മാരാണ്. വിവാഹ സമയം ഹർജിക്കാരിക്ക് 15 പവന്റെ സ്വർണാഭരണങ്ങൾ മാതാപിതാക്കൾ നൽകിയിരുന്നു. അവ എതൃകക്ഷി സൂക്ഷിക്കാം എന്ന് പറഞ്ഞു ബലമായി വാങ്ങി. എതൃകക്ഷി മദ്യപിച്ച് വന്നു ഹർജിക്കാരിയോട് മോശമായി പെരുമാറി വന്നു. എതൃകക്ഷി ഹർജിക്കാരിയുടെ ഒരു ചിലവുകളും വഹിക്കാതെയിരുന്നതിനാൽ ടിയാളുടെ മാതാവ് അവശ്യ സാധനങ്ങൾ

വാങ്ങി നൽകുമായിരുന്നു. എതൃകക്ഷി കാരണമില്ലാതെ ഹർജിക്കാരിയോട് ദേഷ്യപ്പെട്ടുകയും ടിയാളെ ഉപദ്രവിക്കുകയും ചെയ്തു വന്നു. 6.1.2019 ൽ അമിതമായി മദ്യപിച്ചു വന്നു ഹർജിക്കാരിയെ അസഭ്യം പറയുകയും ആക്ഷേപിക്കുകയും ദേഹോപദ്രവം ഏല്പിച്ചുവീട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ഹർജിക്കാരിക്ക് വരുമാനമോ ജോലിയോ ഇല്ല. എതൃകക്ഷി വെൽഡർ ആയും മോട്ടോർ ഓപ്പറേറ്റർ ആയും ജോലി ചെയ്തു വരുന്നു. പ്രതിമാസം 18000 രൂപ ടിയാന് വരുമാനം ഉണ്ട്. അതിനാൽ ഹർജിക്കാരിക്ക് പ്രതിമാസം 7000 രൂപ ജീവനാംശം തരുന്നതിനു എതൃകക്ഷിയോട് കൽപ്പിച്ചു ഉത്തരവാകണം.

3. ഹർജിക്കു എതൃകക്ഷി താഴെ പറയും വിധം ആക്ഷേപം ബോധിപ്പിച്ചിരിക്കുന്നു :

ഹർജി സംഗതികൾ കളവാണ്. വിവാഹം നടന്നതും ഇരു കൂട്ടരുടെയും രണ്ടാം വിവാഹം ആയിരുന്നു എന്നും സമ്മതിച്ച കാര്യങ്ങളാണ്.എന്നാൽ ആദ്യ വിവാഹം വിവാഹമോചനം നേടി എന്ന് കളവായി എതൃകക്ഷി ഹർജിക്കാരി വിശ്വസിപ്പിച്ചാണ് വിവാഹം ചെയ്തത്. ആലപ്പുഴ കുടുംബ കോടതിയിലെ വിധി പ്രകാരം വിവാഹം null and void എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വർണാഭരണങ്ങൾ അണിയിച്ചു എന്നും അവ എതൃകക്ഷി വാങ്ങി എന്നും കളവായി പറയുകയാണ്. എതൃകക്ഷി മദ്യപിച്ചു ഉപദ്രവിക്കുമായിരുന്നു എന്ന് കളവായി ആരോപിക്കുകയാണ്. വിവാഹം കഴിഞ്ഞു ഒരാഴ്ച കഴിഞ്ഞപ്പോൾ ഹർജിക്കാരി എതൃകക്ഷിയുടെ വസ്തുവകകൾ ടിയാളുടെ പേരിൽ ആക്കണം എന്ന് ആവശ്യപ്പെടാൻ തുടങ്ങി. ഹർജിക്കാരിക്ക് ജീവനാംശത്തിനു അവകാശം ഇല്ല. അതിനാൽ ഹർജി തള്ളി വിധിക്കേണ്ടതാണ്.

4. ഇരു ഭാഗവും വാദം കേട്ടു

5. കോടതിയുടെ പരിഗണനയിലെ വിഷയങ്ങൾ താഴെ സുചനകളിൽ  പറയുന്നു:

i) ഹർജിക്കാരിക്കെതിരെ പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ടോ ?

iii) ഹർജിക്കാരിക്ക് എതൃകക്ഷി ജീവനാംശം  നൽകേണ്ടതുണ്ടോ ?

iv) എത്ര തുക നൽകേണ്ടതുണ്ട് ?

6. **സൂചന ഒന്നു**: എതൃകകക്ഷിയും ഹർജിക്കാരിയും വിവാഹം ചെയ്തിരുന്നു എന്നും എന്നാൽ ആ വിവാഹം ആലപ്പുഴ കുടുംബ കോടതി null and void ആയി പ്രഖ്യാപിച്ചെന്നും സമ്മതിച്ച വസ്തുതകളാണ്. എന്നാൽ അവർ ഭാര്യ ഭർത്താക്കന്മാരെ പോലെ ഒരുമിച്ച് താമസിച്ചിരുന്നു എന്നത് എതൃകക്ഷി തർക്കിച്ചിട്ടില്ല. വാദം പറഞ്ഞപ്പോൾ എതൃകക്ഷി വിവാഹ ശേഷം മാറി താമസിച്ചു എന്ന് പറഞ്ഞെങ്കിലും ആക്ഷേപത്തിലെ നാലാം പാരഗ്രാഫിൽ പറയുന്ന വസ്തുതകൾ കൊണ്ട് കക്ഷികൾ കുറച്ചു നാളെങ്കിലും ഭാര്യ ഭർത്താക്കന്മാരെ പോലെ ഒരുമിച്ചു ഒരു വീട്ടിൽ താമസിച്ചിരുന്നു എന്നത് മനസിലാക്കാൻ സാധിക്കും. **കുഞ്ഞാതിരി V. സ്റ്റേറ്റ് ഓഫ് കേരള ആൻഡ് അനതർ, 2015(4 ) KHC 185** എന്ന കേസിൽ ബഹു കേരളം ഹൈക്കോടതി ഒരു domestic relationship ൽ വിവാഹ ബന്ധം മാത്രമല്ല വിവാഹബന്ധത്തിന്റെ സ്വഭാവത്തിലുള്ള ബന്ധങ്ങളും പെടും എന്നു എടുത്തു പറഞ്ഞിട്ടുണ്ട്. അതിനാൽ ഈ

കേസിലെ കക്ഷികൾ തമ്മിലുള്ള വിവാഹം അസാധുവാണെങ്കിലും അവർ തമ്മിൽ ഉള്ള ബന്ധം വിവാഹബന്ധത്തിന്റെ സ്വഭാവത്തിൽ ഉള്ളതിലായതിനാൽ domestic relationship ന്റെ പരിധിയിൽ പെടും. അതിനാൽ കക്ഷികൾ തമ്മിൽ ഒരു domestic relationship ഉണ്ടെന്നു വ്യക്തമാണ്.

7. എതൃകക്ഷി മദ്യപിച്ച് പീഡിപ്പിച്ചിരുന്നു എന്നും ദേഹോപദ്രവം ഏല്പിച്ചിരുന്നു എന്നും ഹർജിക്കാരി ആരോപിക്കുന്നു. 6.1.2019 ലെ ചില സംഭവങ്ങൾ ആരോപിച്ചിട്ടുണ്ട്. 5.7.2019 ലെ ഓ.പി.ടിക്കറ്റ് ഹർജിക്കാരി ഹാജരാക്കിയിരിക്കുന്നതിൽ ഭർത്താവിൽ നിന്നും ഉപദ്രവം എറ്റു എന്ന പരാതിയോട് കൂടി ചികിത്സ തേടി എന്ന് കാണാൻ സാധിക്കും. ആലപ്പുഴ ജില്ല പോലീസ് മേധാവിക്ക് പരാതി നൽകിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആ പരാതി എന്തിനെ സംബന്ധിച്ചത് എന്നത് വ്യക്തമല്ല.

8. ഈ അവസരത്തിൽ കോടതി ഹർജിക്കാരിക്ക് അനുകൂലമായി പ്രഥമ ദൃഷ്ട്യാ വസ്തുതകൾ ഉണ്ടോ എന്നെ പരിശോധിക്കുന്നുള്ളു. ടിയാളുടെ സത്യവാങ്മൂലവും ഹാജ രാജാക്കിയ ചികിത്സ രേഖയും കൊണ്ട് എതൃകക്ഷിയിൽ നിന്നും ടിയാൾക്കെതിരെ പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നതായി കാണാൻ സാധിക്കും, ഈ സൂചന ഹർജിക്കാരിക്ക് അനുകൂലമായി അതിനാൽ തീരുമാനിച്ചിരിക്കുന്നു.

9. **സൂചനകൾ രണ്ടും മൂന്നും** : ഹർജിക്കാരിക്ക് സ്വന്തമായി ജോലിയോ വരുമാനമോ ഇല്ല എന്ന് ടിയാൾ ആരോപിക്കുന്നു. ടിയാളുടെ ആസ്തി വിവരങ്ങളെ സംബന്ധിച്ചുള്ള സത്യവാങ്മൂലം പ്രകാരം ടിയാൾക്കു ഒമ്പതാം ക്ലാസ്സ് വരെ മാത്രം വിദ്യാഭാസം ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരു വരുമാനവും ഉള്ളതായി

പറഞ്ഞിട്ടില്ല. നിലവിൽ ഹർജിക്കാരി എതൃകക്ഷിയുടെ വീട്ടിൽ തന്നെയാണ് താമസമെന്നും വാദ സമയത്ത് സമ്മതിച്ചിട്ടുണ്ട്. അതിനാൽ ടിയാൾക്കു ജീവനാംശം നൽകാൻ എതൃകക്ഷി പ്രഥമ ദൃഷ്ട്യാ ബാധ്യസ്ഥനാണ്.

10. എതൃകക്ഷി ഹർജിക്കാരിയുടെ പീഡനം മൂലം മാറി താമസിക്കുകയാണ് എന്ന് വാദം ഉന്നയിച്ചു എന്നാൽ അപ്രകാരം ആക്ഷേപത്തിൽ ബോധിപ്പിച്ചിട്ടില്ല. എതൃകക്ഷിക്ക് മോട്ടോർ നന്നാക്കുന്ന തൊഴിലാണ് എന്നത് സമ്മതിച്ചിട്ടുണ്ട്. അതിനാൽ ഒരു സ്ഥിര വരുമാനം കണക്കാക്കാൻ ആവില്ല. എങ്കിലും ഹർജിക്കാരിയുടെ ജീവിത ചെലവ് കണക്കാക്കി ടിയാൾക്കു മാസം 2000 രൂപ ജീവനാംശം നൽകാൻ എതൃകക്ഷിയോട് കല്പിക്കുന്നത് അനുയോജ്യമാണെന്ന് കോടതി കാണുന്നു. ഈ സൂചനകൾ അപ്രകാരം ഹർജിക്കാരിക്ക് അനുകൂലമായി തീരുമാനിച്ചിരിക്കുന്നു.

തൽഫലമായി ഈ ഹർജി ഭാഗികമായി അനുവദിച്ചിരിക്കുന്നു. ഗാർഹിക പീഡന നിയമം 20-ം വകുപ്പ് പ്രകാരം എതൃകക്ഷി ഹർജിക്കാരിക്ക് പ്രതിമാസം 2000 രൂപ ജീവനാംശമായി തുടർന്ന് ഒരു ഉത്തരവുണ്ടാകുന്നത് വരെ നൽകാൻ ഉത്തരവായിരിക്കുന്നു.

*(ഇപ്രകാരം ഞാൻ ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2023 ഫെബ്രുവരി മാസം 13 ന് വിധി പറഞ്ഞിട്ടുള്ളതാണ്.)*

ന്യായാധികാരി,

ഗ്രാമന്യായാലയ, അമ്പലപ്പുഴ.

M.C.07/2019 ലെ CMP 512/2022

ഉത്തരവ്

Dated. 13/02/2023